(സി) ഇപ്പോഴും അനുമഞ്ജന ചർച്ച നടത്തുന്നത് വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് (ലി.), പി. ജി. പ്ലൈവുഡ് കമ്പനി, മലബാർ സ്പിന്നിംഗ് മിൽസ്, വനജ ടെക്സ്റ്റൈൽസ്, മദ്രാസ് സ്പിന്നേഴ്സ്, ബോണക്കാട് എസ്റ്റേറ്റ്, പീരുമേട് ടീ കമ്പനി, പുള്ളിക്കാനം എസ്റ്റേറ്റ്, ആർ.ബി.റ്റി. ഗ്രൂപ്പ് I & II തുടങ്ങിയ 27 വ്യവസായ സ്ഥാപനങ്ങളിലാണ്.

(ഡി) മാനേജുമെന്റിന്റെ പിടിവാശിമൂലം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാതെപോയ വ്യവസായ സ്ഥാപനങ്ങൾ ഇല്ല.

ബാലവേല നിരോധിക്കാൻ നടപടി

46 [2818] ശ്രീ. കെ. അച്ചുതൻ :

,, വർക്കല കഹാർ :

,, ടി. വി. ചന്ദ്രമോഹൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിൽ ബാലൻമാരെക്കൊണ്ട് വ്യാപകമായി ജോലി ചെയ്യിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ടോ;

(സി) എങ്കിൽ ഈ വർഷം ഇതുവരെ എത്ര ഹോട്ടലുകളിൽ ബന്ധപ്പെട്ട പരിശോധന നടത്തിയെന്ന് വ്യക്തമാക്കാമോ;

(ഡി) ബാലവേല സംബന്ധിച്ച എത്ര കേസുകൾ ഇതിനകം രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ വ്യാപകമായി ബാലവേല നിലവിലില്ല എന്നാണ് ഇതു സംബന്ധമായി നടത്തിയ സർവ്വെ സൂചിപ്പിക്കുന്നത്. ചില ഹോട്ടലുകളിൽ കുട്ടികളെ കൊണ്ട് ജോലി ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1986-ലെ ബാലവേല (തടയലും നിയന്ത്രിക്കലും നിയമപ്രകാരം ചില വ്യവസ്ഥകൾക്കു വിധേയമായി അപകടകരമല്ലാത്ത മേഖലകളിൽ കുട്ടികളെ ജോലി ചെയ്യിപ്പിക്കാവുന്നതാണ്. ഹോട്ടലുകളിൽ ജോലി ചെയ്യുന്ന ബാല തൊഴിലാളികളിൽ ഭൂരിപക്ഷവും അയൽ സംസ്ഥാനങ്ങളിൽ നിന്നും വന്നവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. അസിസ്റ്റന്റ് ലേബർ ആഫീസർമാർ പരിശോധന നടത്താറുണ്ട്. പുറമേ ജില്ലാ ലേബർ ആഫീസർമാർ ഉൾപ്പെടുന്ന സ്ക്വാഡുകളും പരിശോധന നടത്തിവരുന്നു.

(സി) ഹോട്ടലുകളിൽ മാത്രമായല്ല പരിശോധന നടത്തിയതും നടത്തുന്നതും. ബാലവേല നിയമ പ്രകാരം കഴിഞ്ഞ വർഷം സെപ്റ്റംബർ മാസം വരെ 1206 പരിശോധനകൾ നടത്തിയിട്ടുണ്ട്. മുൻ പറഞ്ഞ സർവ്വേയുടെ ഭാഗമായി എന്യൂമറേറ്റർമാർ മൊത്തം രണ്ടേകാൽ ലക്ഷത്തോളം സ്ഥാപനങ്ങൾ സന്ദർശിച്ച് കണക്കെടുത്തിട്ടുണ്ട്.

(ഡി) 1996 മുതൽ 2003 മാർച്ച് മാസം വരെ പരിശോധനാ സമയത്ത് ക്രമക്കേടുകൾ കണ്ട 25 സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ

47 [2819] ശ്രീ. സി. ടി. അഹമ്മദ് അലി :

,, പി. കെ. കെ. ബാവ :

,, ടി. പി. എം. സാഹിർ :

,, സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) വ്യവസായ പുരോഗതിയും പുനരുദ്ധാരണവും ലക്ഷ്യമാക്കിയാണ് പുതിയ തൊഴിൽ നയത്തിന് ഈ സർക്കാർ രൂപം നൽകിയിരിക്കുന്നത്. പൊതു മേഖലയിലും സഹകാര്യമേഖലയിലും നിക്ഷേപങ്ങൾ ഗണ്യമായി ആകർഷിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്തി പുതിയ തൊഴിലവസരങ്ങൾ ആരംഭിക്കുകയും അവ പുരോഗമിച്ചു വരികയുമാണ്. ഐ. റ്റി., ടൂറിസം, ബയോടെക്നോളജി എന്നീ മേഖലകളിലും പുതിയ തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly